# 1857

● സ്റ്റാഫ് ലേഖകൻ

# ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ നൂറ്റിയമ്പതാം വാർഷികം

ചരിത്രം ഭാവിയെ കരുപ്പിടിപ്പിക്കാനുള്ള ഉപകരണമാകേണ്ടതുണ്ട്. ജീവിതത്തെ ശരിയായ ദിശയിലേക്ക് നയിക്കാനുള്ള പാഠമാണ് ചരിത്രത്തിൽനിന്ന് ഉൾക്കൊള്ളേണ്ടത്. പക്ഷേ, അതിനു പകരം പലപ്പോഴും ചരിത്രം ദുരുപയോഗം ചെയ്യപ്പെടുകയാണ്. ജനങ്ങൾക്കിടയിൽ വിദ്വേഷം വളർത്താൻ ചരിത്രത്തെ വളച്ചൊടിക്കലും ചരിത്രത്തിലെ പ്രകാശം പരത്തുന്ന താളുകളെ തമസ്കരിക്കലുമാണ് ഈ പ്രതിലോമ രീതികളിലൊന്ന്. അതിനു പിന്നിൽ രാഷ്ട്രീയവും സാംസ്കാരികവുമായ പല താൽപര്യങ്ങളുണ്ടാവാം. മതമൈത്രിയുടെയും അധിനിവേശവിരുദ്ധ ഐക്യത്തിന്റെയും തെളിമയാർന്ന ധാരാളം ചിത്രങ്ങൾ ഇന്ത്യാ ചരിത്രത്തിലുണ്ട്. പക്ഷേ, അവയിൽ പലതും തമസ്കരിക്കപ്പെടുന്നു. ബ്രിട്ടീഷ് അധിനിവേശത്തിനെതിരായ 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരം ഇക്കൂട്ടത്തിൽ മുന്നിൽ നിൽക്കുന്നു.

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ നുകത്തിൽനിന്ന് നാം നേടിയ സ്വാതന്ത്ര്യം പതിറ്റാണ്ടുകൾ നീണ്ട ഒരു പ്രക്രിയയാണെന്ന സത്യം മറന്നുകൂടാ. പ്രശസ്തരും അറിയപ്പെടാത്തവരുമായ ലക്ഷക്കണക്കിനാളുകൾ പിറന്ന നാടിന്റെ സ്വാതന്ത്ര്യത്തിനായി പൊരുതുകയും ത്യാഗങ്ങൾ സഹിക്കുകയും ചെയ്തു. വിപ്ലവവും സായുധപോരാട്ടവും യുദ്ധവും അഹിംസയിലധിഷ്ഠിതമായ പ്രക്ഷോഭവുമെല്ലാം വിവിധ സമരമുറകളായിരുന്നു. ഓരോന്നിനും അവയുടേതായ ഗുണവും ദോഷവുമുണ്ടാകാം. ഇവയുടെയെല്ലാം ആത്യന്തികഫലമാണ് ഇന്ത്യയുടെ സ്വാതന്ത്ര്യം. ഇവയിൽ ഏതെങ്കിലും ഒരു ധാരയെ മാത്രം അംഗീകരിക്കുകയും മറ്റുള്ളവയെ നിഷേധിക്കുകയോ നിസ്സാരമായി കാണുകയോ ചെയ്യുന്നത് നീതിയല്ല. 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ 150-ാം വാർഷികം ആഘോഷിക്കുമ്പോൾ ഇന്ത്യാ ചരിത്രത്തിലെ അവഗണിക്കപ്പെട്ട ചില അധ്യായങ്ങൾ അനുസ്മരിക്കാനുള്ള അവസരം കൂടിയാണത്.

സാമ്രാജ്യത്വ ചരിത്രകാരന്മാരാണ് 1857-ലെ സ്വാതന്ത്ര്യ സമരത്തെ തമസ്കരിക്കുന്നതിന് തുടക്കം കുറിച്ചത്. പോരാട്ടം ആവർത്തിക്കാതിരിക്കാനും വ്യാപിക്കാതിരിക്കാനും അതിനെ മൂടിവെക്കേണ്ടതും വളച്ചൊടിക്കേണ്ടതും അവർക്ക് ആവശ്യമായിരുന്നു. 'ശിപായി ലഹള'യെന്ന് വിളിച്ച് അവർ അതിനെ കൊച്ചാക്കുകയും സൈനികരുടെ അച്ചടക്കലംഘന പ്രശ്നമായി ചിത്രീകരിക്കുകയും ചെയ്തു. അന്ന് ഇന്ത്യ ഭരിച്ചിരുന്ന ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കീഴിലുള്ള ഇന്ത്യക്കാരായ പട്ടാളക്കാരെയാണ് ശിപായിമാർ (Sepoys) എന്ന് വിളിച്ചിരുന്നത്. യഥാർഥത്തിൽ ബ്രിട്ടീഷ് അധിനിവേശത്തിനെതിരെ ഉത്തരേന്ത്യയിലും മധ്യേന്ത്യയിലും പൂർവ, പശ്ചിമേന്ത്യകളുടെ ചില ഭാഗങ്ങളിലും പടർന്നു പിടിച്ച ജനകീയ വിപ്ലവമായിരുന്നു 1857-ലേത്. ഇന്ത്യക്കാരായ സൈനികർ മാത്രമല്ല, നാട്ടുരാജാക്കന്മാർ, മതപണ്ഡിതന്മാർ, ജന്മിമാർ, കർഷകർ, കൈത്തൊഴിലുകാർ, കച്ചവടക്കാർ എന്നിവരെല്ലാം ഈ സായുധ പോരാട്ടത്തിൽ പങ്കാളികളാവുകയുണ്ടായി. സാമ്രാജ്യത്വ ചരിത്രകാരന്മാരെ പിന്തുടർന്ന് ആദ്യകാല ദേശീയ ചരിത്രകാരന്മാരായി അറിയപ്പെടുന്ന ചിലരും ഈ പോരാട്ടത്തെ 'ശിപായി ലഹള'യിലൊതുക്കി. മാർക്സിസ്റ്റ് ചരിത്രകാരന്മാരുടെ ആദ്യ തലമുറ ഇതിനെ ഫ്യൂഡൽ കലാപമായാണ് കണക്കാക്കിയത്.

### കാരണങ്ങൾ

ശിപായിമാർക്ക് നൽകിയിരുന്ന വെടിയുണ്ടകളുടെ ആവരണത്തിന്മേൽ പന്നിയുടെയും പശുവിന്റെയും കൊഴുപ്പ് പുരട്ടിയിട്ടുണ്ടെന്ന കിംവദന്തിയാണ് കലാപത്തിന്റെ ഏകകാരണമെന്ന നിലയിലാണ് ആദ്യകാല സാമ്രാജ്യത്വ ചരിത്രകാരന്മാരും അവരെ പിൻപറ്റിയവരും 1857-ലെ സംഭവങ്ങളുടെ ചരിത്രം രേഖപ്പെടുത്തിയത്. അധിനിവേശ ഭരണകൂടത്തിനെതിരായ ജനരോഷം അനുയോജ്യ സാഹചര്യത്തിൽ ആളിപ്പടരുകയാണ് യഥാർഥത്തിൽ സംഭവിച്ചത്. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ചൂഷണം ഇന്ത്യക്കാരുടെ നട്ടെല്ല് ഒടിച്ചിരുന്നു. കർഷകരും കൈത്തൊഴിലുകാരും ജന്മികളിലൊരു വിഭാഗവും ദരിദ്രരായി മാറി. പരമ്പരാഗത വ്യവസായവും കച്ചവടവും തകർന്നു. കനത്ത ഭൂനികുതിയാണ് ബ്രിട്ടീഷുകാർ ചുമത്തിയിരുന്നത്. ആശ്രിത രാജ്യം, സുരക്ഷിത രാജ്യം തുടങ്ങിയ പേരുകൾ നൽകിയും പിന്തുടർച്ചക്കാരില്ലാത്ത നാടുവാഴികൾക്ക് ദത്തവകാശം നിരോധിച്ചും ധാരാളം നാട്ടുരാജ്യങ്ങളെ ഈസ്റ്റിന്ത്യാ കമ്പനി പിടിച്ചെടുത്തു. ദുർഭരണമാരോപിച്ചാണ് അവധ്

പിടിച്ചടക്കിയത്. നാട്ടുരാജ്യങ്ങളുടെ തകർച്ച ധാരാളം പേർക്ക് തൊഴിലും പദവികളും നഷ്ടപ്പെടുത്തി. മുഗൾ സുൽത്താൻ ബഹാദൂർ ശാ സഫറിനെ ബ്രിട്ടീഷുകാർ നിരന്തരം അവഹേളിച്ചു. ക്രൈസ്തവ മിഷനറിമാർ ഹിന്ദുമതത്തെയും ഇസ്‌ലാമിനെയും അവഹേളിച്ച് നടത്തിയ ക്രിസ്തുമത പ്രചാരണ പ്രവർത്തനങ്ങളും വിശ്വാസികളുടെ രോഷത്തിനിടയാക്കി. വെള്ളക്കാരുടെ വംശീയ മേധാവിത്വഭാവത്തോടെയുള്ള പെരുമാറ്റവും ഇന്ത്യക്കാരെ വെറുപ്പിച്ചു. ഈസ്റ്റിന്ത്യാ കമ്പനിക്കു കീഴിലെ നാട്ടുകാരായ ഉദ്യോഗസ്ഥരെയും സൈനികരെയും രണ്ടാം കിടക്കാരായാണ് ബ്രിട്ടീഷുകാർ കണ്ടിരുന്നത്. അധിനിവേശക്കാരുടെ ഈ വക പീഡനങ്ങൾ കൊണ്ട് പൊറുതിമുട്ടിയ ഇന്ത്യൻജനത ബ്രിട്ടീഷുകാരെ ഈ മണ്ണിൽനിന്ന് തുരത്താൻ നടത്തിയ ധീരമായ പോരാട്ടമായിരുന്നു ഒന്നാം സ്വാതന്ത്ര്യ സമരം.

1857 മെയ് 10-ന് മീറത്തിലാണ് വിപ്ലവം പൊട്ടിപ്പുറപ്പെട്ടത്. ഈസ്റ്റിന്ത്യാ കമ്പനിയുടെ മീറത്ത് സൈനിക കേന്ദ്രത്തിലെ ഇന്ത്യക്കാരായ കുതിരപ്പടയാളികളിൽ 85 പേരെ പുറത്താക്കി പത്തു വർഷത്തേക്ക് തടവിലിട്ടു. പന്നിക്കൊഴുപ്പും പശുവിൻ കൊഴുപ്പും പുരട്ടിയതെന്ന് പ്രചരിച്ച വെടിയുണ്ടകൾ അവർ ഉപയോഗിക്കാൻ വിസമ്മതിച്ചതായിരുന്നു കാരണം. ഇതോടെ ഇന്ത്യക്കാരായ മറ്റു ഭടന്മാർ ബ്രിട്ടീഷ് സൈനികോദ്യോഗസ്ഥരെ വധിച്ച് തടവിലിട്ടിരുന്ന ഭടന്മാരെ മോചിപ്പിച്ചു. തുടർന്ന് അവർ ദൽഹിയിലേക്ക് മാർച്ച് ചെയ്തു. കൂടുതൽ ഇന്ത്യൻ ഭടന്മാർ അവരോടൊപ്പം ചേർന്നു. മുഗൾ സുൽത്താൻ ബഹാദൂർ ശാ സഫറിനെ അവർ ഇന്ത്യയുടെ മുഴുവൻ ചക്രവർത്തിയായി പ്രഖ്യാപിച്ചു. വെടിയുണ്ടയുടെ പ്രശ്നം മാത്രമായിരുന്നില്ല ഇന്ത്യൻ ഭടന്മാരെ അലട്ടിയിരുന്നതെന്നും ബ്രിട്ടീഷ് അധിനിവേശത്തിൽനിന്നുള്ള മോചനവും ഏകീകൃത ഇന്ത്യ സ്ഥാപിക്കലുമായിരുന്നു അവരുടെ ലക്ഷ്യമെന്നും ഇതിൽനിന്ന് വ്യക്തമാണ്. മുഗൾ സുൽത്താന് പിന്തുണ പ്രഖ്യാപിച്ച സൈനികരിൽ ഏതാണ്ട് 80 ശതമാനം ഹിന്ദുക്കളായിരുന്നുവെന്നതും ശ്രദ്ധയർഹിക്കുന്നു.

## പോരാട്ടം വ്യാപിക്കുന്നു

നേരത്തേതന്നെ അധിനിവേശവിരുദ്ധ സന്ദേശം ജനങ്ങൾക്കിടയിൽ വ്യാപിച്ചിരുന്നതിനാൽ മുഗൾ സുൽത്താനെ ഇന്ത്യയുടെ മുഴുവൻ സാമ്രാട്ടായി പ്രഖ്യാപിക്കുകയും ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ ആഹ്വാനമുയരുകയും ചെയ്തതോടെ പോരാട്ടം ജനകീയമായി മാറി. കൃഷിക്കാരും തൊഴിലാളികളും കച്ചവടക്കാരുമടക്കമുള്ള ജനങ്ങൾ ഒന്നടങ്കം കൈയിൽ കിട്ടിയ ആയുധങ്ങളുമായി ബ്രിട്ടീഷ് പട്ടാളത്തെ നേരിട്ടു. വടക്കു പടിഞ്ഞാറ് പഞ്ചാബ് മുതൽ തെക്ക് നർമദ വരെയും കിഴക്ക് ബിഹാർ വരെയും വളരെ വേഗം വ്യാപിച്ച ഈ ജനകീയ പോരാട്ടം അധിനിവേശ സേനയെ വെള്ളം കുടിപ്പിച്ചു. ദൽഹി, കാൻപൂർ, ലഖ്നൗ, ഫൈസാബാദ്, ഝാൻസി, ഗ്വാളിയോർ, ബറേലി, ആഗ്ര, പട്ന, ഇലാഹാബാദ് എന്നിവയായിരുന്നു പ്രധാന പോരാട്ട കേന്ദ്രങ്ങൾ. ദൽഹിയിൽ ബഹാദൂർ ശായും കാൻപൂരിൽ നാനാ സാഹിബ് പേഷ്വയും ലഖ്നൗവിൽ ബീഗം ഹസ്രത്ത് മഹലും ഫൈസാബാദിൽ മൗലവി അഹ്മദുല്ലാ ശായും ഝാൻസിയിൽ റാണി ലക്ഷ്മി ബായിയും താന്തിയാ തോപിയും ബറേലിയിൽ ബഹാദൂർ ഖാനും ആറയിൽ കുൻവർ സിംഗും പോരാട്ടത്തിന് നേതൃത്വം നൽകി. ആദ്യഘട്ടത്തിൽ വിപ്ലവകാരികൾ മുന്നേറിയെങ്കിലും പിന്നീട് പരാജയം ഏറ്റുവാങ്ങേണ്ടിവന്നു. ബഹാദൂർ ശായെ ബ്രിട്ടീഷുകാർ റങ്കൂണിലേക്ക് നാടുകടത്തി. നാനാ സാഹിബും ബീഗം ഹസ്രത്ത് മഹലും മറ്റും നേപ്പാളിലേക്ക് രക്ഷപ്പെട്ടു. അഹ്മദുല്ലാ ശാ, ഝാൻസി റാണി, അസീസാൻ ബീഗം തുടങ്ങിയവർ കൊല്ലപ്പെട്ടു. മൗലാനാ ഖൈറാബാദിയെ പോലുള്ളവരെ അന്തമാനിലേക്ക് നാടുകടത്തി. പോരാട്ടത്തിൽ പങ്കെടുക്കാത്ത സാധാരണക്കാരെ പോലും കൂട്ടക്കശാപ്പ് നടത്തി പോരാളികളെ പിൻവാങ്ങാൻ നിർബന്ധിക്കുന്ന കുതന്ത്രമാണ് ബ്രിട്ടീഷുകാർ പ്രയോഗിച്ചത്. അക്കാലത്തെ ഏറ്റവും നവീന ആയുധങ്ങളാണ് ബ്രിട്ടീഷുകാർ ഉപയോഗിച്ചത്. ശിപായിമാരുടെ കൈവശമുണ്ടായിരുന്ന പരിമിതമായ ആയുധങ്ങളൊഴിച്ചു നിർത്തിയാൽ പോരാളികൾ ഉപയോഗിച്ചത് പരമ്പരാഗത ആയുധങ്ങളായിരുന്നു. അധിനിവേശസേനക്കു മുമ്പിൽ അവയുമായി പിടിച്ചുനിൽക്കാൻ സാധിക്കുമായിരുന്നില്ല. ചില നാട്ടുരാജാക്കന്മാരും ജന്മിമാരും പോരാളികൾക്കെതിരെ ബ്രിട്ടീഷുകാരെ സഹായിച്ചതും തിരിച്ചടിയായി. നാട്ടുരാജാക്കന്മാരിലും ജനങ്ങളിലും ഗണ്യമായൊരു വിഭാഗം നിസ്സംഗത പാലിച്ചതും ഒന്നാം സ്വാതന്ത്ര്യസമരം ലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായി.

മാസങ്ങൾക്കുള്ളിൽ പോരാട്ടത്തെ പൂർണമായി അടിച്ചമർത്താൻ അധിനിവേശ സേനക്കു സാധിച്ചെങ്കിലും അതിന്റെ ആഘാതം കനത്തതായിരുന്നു. തങ്ങളുടെ സാമ്രാജ്യത്വത്തിന് ഇന്ത്യയിൽ കനത്ത ഭീഷണി ഉയർന്നിട്ടുണ്ടെന്ന് ബ്രിട്ടൻ മനസ്സിലാക്കി. കോളനി നഷ്ടപ്പെടാതിരിക്കാൻ പുതിയ തന്ത്രങ്ങൾ പയറ്റാൻ ബ്രിട്ടൻ തീരുമാനിച്ചു. അങ്ങനെയാണ് ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ ഭരണം അവസാനിപ്പിച്ച് ഇന്ത്യയുടെ ഭരണം ബ്രിട്ടീഷ് ഗവൺമെന്റ് നേരിട്ട് ഏറ്റെടുത്തത്. പിന്നീട് നാട്ടുരാജാക്കന്മാരെയും ജന്മികളെയും പരമാവധി പ്രീണിപ്പിച്ചുനിർത്താനും വിവിധ ജനവിഭാഗങ്ങൾക്കിടയിൽ അകൽച്ചയും ശത്രുതയും വളർത്താനും ബ്രിട്ടീഷുകാർ ആസൂത്രിതമായി ശ്രമിച്ചു. ഇന്ത്യാ വിഭജനത്തിനു വഴിവെച്ചതിൽ ഈ സാമ്രാജ്യത്വ കുതന്ത്രത്തിന് വലിയ പങ്കുണ്ട്. 1857-നു ശേഷം മുസ്‌ലിംകളെ ഒറ്റപ്പെടുത്താനും മുസ്‌ലിംകൾക്കെതിരെ പ്രതികാര നടപടി സ്വീകരിക്കാനും ബ്രിട്ടീഷുകാർ പ്രത്യേകം ശ്രദ്ധിച്ചു. എങ്കിലും ഈ മഹത്തായ പോരാട്ടത്തിൽ ജീവൻ ത്യജിച്ച പോരാളികൾ പിൻതലമുറയിൽ സ്വാതന്ത്ര്യബോധവും ഏകീകൃത ഇന്ത്യ എന്ന ചിന്തയും വളർത്തുന്നതിൽ നിർണായക പങ്ക് വഹിക്കുകയുണ്ടായി.

കൊളോണിയൽ ശക്തികൾക്കെതിരെ മുമ്പും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ കനത്ത പോരാട്ടങ്ങൾ നടന്നിട്ടുണ്ടെങ്കിലും അവയൊന്നും 1857-ലെ പോരാട്ടത്തോളം വ്യാപകമോ ജനകീയമോ ആയിരുന്നില്ല. ബഹാദൂർ ശാ, നാനാ സാഹിബ്, റാണി ലക്ഷ്മി ബായ്, ബീഗം ഹസ്രത്ത് മഹൽ, നവാബ് അലി ബഹാദൂർ, നഹർ സിംഗ്, തഫസ്സുൽ ഹുസൈൻ, ബഹാദൂർ ഖാൻ, നവാബ് മഹ്മൂദ് ഖാൻ തുടങ്ങിയ ഭരണാധികാരികൾക്കു പുറമെ മൗലവി അഹ്മദുല്ലാ ശാ, മൗലാനാ ഫസ്‌ലുൽ ഹഖ് ഖൈറാബാദി തുടങ്ങിയ പണ്ഡിതന്മാരും താന്തിയാ തോപി, അസീമുല്ലാ ഖാൻ, അസീസാൻ ബീഗം, ബഖ്ത് ഖാൻ, വസീർ ഖാൻ തുടങ്ങിയ പോരാളികളും ഈ അധിനിവേശവിരുദ്ധ യുദ്ധത്തിന് നേതൃത്വം നൽകി. കർഷകരും കൈത്തൊഴിലുകാരും കച്ചവടക്കാരുമായ ലക്ഷക്കണക്കിന് ഇന്ത്യക്കാർ പോരാട്ടത്തിൽ സജീവ പങ്കുവഹിച്ചു. പോരാട്ടത്തിനു മുന്നോടിയായി വിവിധ പ്രദേശങ്ങളിൽ സാധാരണക്കാർക്കിടയിൽ ചപ്പാത്തി കൈമാറി യുദ്ധസന്ദേശം പ്രചരിപ്പിച്ചതിനെക്കുറിച്ച് ചരിത്രഗ്രന്ഥങ്ങളിൽ പറയുന്നുണ്ട്. ഇത്തരത്തിലുള്ള ഒരു ജനകീയ പോരാട്ടം ഇന്ത്യാ ചരിത്രത്തിൽ ആദ്യത്തേതായിരുന്നു.

## ജിഹാദ്

വലിയൊരു പരിധിവരെ മുസ്‌ലിംകളുടെ നേതൃത്വത്തിലും വിപുലമായ പങ്കാളിത്തത്തോടെയുമാണ് പോരാട്ടം

നടന്നത് എന്നതും ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ പ്രത്യേകതയാണ്. അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദായാണ് മുസ്‌ലിംകൾ ഈ പോരാട്ടത്തെ കണ്ടത്. 1803-ൽ ശാ വലിയ്യുല്ലാഹിദ്ദഹ്‌ലവിയുടെ മകൻ ശാ അബ്ദുൽ അസീസ് ബ്രിട്ടീഷുകാർക്ക് കീഴിലുള്ള പ്രദേശങ്ങളെല്ലാം ദാറുൽ ഹർബാണെന്ന് ഫത്‌വ നൽകിയിരുന്നു. പിന്നീട് സയ്യിദ് അഹ്മദ് ശഹീദ് ജിഹാദീ പ്രസ്ഥാനം ആരംഭിക്കുകയും ചെയ്തു. അതിന്റെ തുടർച്ചയായി 1857 -ലെ ഒന്നാം സ്വാതന്ത്ര്യസമരത്തെ കാണാം. മുസ്‌ലിംനാട്ടുരാജാക്കന്മാരെയും പൊതുജനങ്ങളെയും ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ രംഗത്തിറക്കുന്നതിൽ മുസ്‌ലിം മതപണ്ഡിതന്മാർ കാര്യമായ പങ്കുവഹിച്ചു. മൗലവിമാരും ഫഖീറുമാരും ബ്രിട്ടീഷുകാർക്കെതിരെ യുദ്ധം ചെയ്യാൻ ജനങ്ങളെ പ്രേരിപ്പിച്ച് നാട്ടിൽ ചുറ്റി നടക്കുകയും അത് വിശ്വാസത്തിന്റെ ഭാഗമാണെന്ന് ജനങ്ങളെ പഠിപ്പിക്കുകയും ചെയ്തതിനെക്കുറിച്ച് പാശ്ചാത്യ ചരിത്രകാരന്മാർ വിവരിക്കുന്നുണ്ട്. മൗലവി അഹ്മദുല്ലാ ശാ, മൗലാനാ ഇംദാദുല്ലാ, മൗലാനാ ഖാസിം നാനൂത്തവി, മൗലാനാ റാശിദ് അഹ്മദ് ഗംഗോഹി, മൗലാനാ ഫൈസ് അഹ്മദ് ബദൗനി, മൗലാനാ ലിയാഖത്ത് അലി, മൗലാനാ ഫസ്‌ലുൽ ഹഖ് ഖൈറാബാദി, മൗലാനാ അബ്ദുൽ ഖാദിർ ലുധിയാനവി തുടങ്ങിയവർ പോരാട്ടത്തിന് നേതൃത്വം നൽകുകയും ജിഹാദിനിറങ്ങാൻ മുസ്‌ലിംകളെ പ്രേരിപ്പിക്കുകയും ചെയ്തു. ഭോപാൽ ഭരിച്ചിരുന്ന സിക്കന്ദർ ജഹാൻ ബീഗം ബ്രിട്ടീഷുകാരുടെ പക്ഷത്തായിരുന്നിട്ടും മൗലവി അബ്ദുൽ ഖയ്യൂം, ഫാസിൽ മുഹമ്മദ് ഖാൻ, ആദിൽ മുഹമ്മദ് തുടങ്ങിയവരുടെ നേതൃത്വത്തിൽ മുസ്‌ലിംകൾ അവിടെയും ബ്രിട്ടീഷുകാർക്കെതിരെയും ബീഗത്തിനെതിരെയും പോരാടി.

പോരാട്ടത്തെ അടിച്ചമർത്തിയ ശേഷം ബ്രിട്ടീഷുകാർ മുസ്‌ലിംകൾക്കെതിരെ കടുത്ത പ്രതികാര നടപടികൾ സ്വീകരിക്കാൻ കാരണം പോരാട്ടത്തിൽ മുസ്‌ലിംകൾ വഹിച്ച നിർണായക പങ്കായിരുന്നു. വലിയൊരു വിഭാഗം മുസ്‌ലിംകൾ പോരാടി മരിച്ചു. അവശേഷിച്ചവരെ തൂക്കിക്കൊല്ലുകയോ നാടുകടത്തുകയോ ചെയ്തു. ഭാവിയിൽ ഭീഷണി ഉയർത്തിയേക്കുമെന്ന് തോന്നിയ മുസ്‌ലിംകുടുംബങ്ങളെ മുഴുവൻ തകർത്തു. മുഗൾ വംശജരെ തെരഞ്ഞുപിടിച്ചു കൊന്നു. ദൽഹിയിൽ മാത്രം 27,000 മുസ്‌ലിംകൾക്ക് വധശിക്ഷ നൽകി. മരങ്ങളിൽ പരസ്യമായാണ് തൂക്കിലേറ്റിയിരുന്നതെന്നും മൃതദേഹങ്ങൾ സംസ്കരിക്കാനനുവദിക്കാതെ കഴുകനും മറ്റും തിന്നാൻ വിടുകയായിരുന്നുവെന്നും ചില ചരിത്രകൃതികളിലുണ്ട്. പോരാട്ടത്തെക്കുറിച്ച് രേഖപ്പെടുത്തിവെക്കുന്നവരെ പോലും ശിക്ഷിച്ചിരുന്നു.

അന്തമാൻ കാടുകളിലേക്ക് നാടുകടത്തപ്പെട്ട പോരാളികളിൽ ബഹുഭൂരിഭാഗവും മുസ്‌ലിംകളായിരുന്നു. മൗലാനാ ഫസ്‌ലുൽ ഹഖ് ഖൈറാബാദി, സയ്യിദ് ഇസ്മാഈൽ ഹുസൈൻ, മുനീർ ശിക്കോഹാബാദി, മുഫ്തി ഇനായത്ത് അഹ്മദ് കാക്ക്റോവി, മസ്ഹർ കരീം ദർയാബാദി എന്നിവർ അവരിലെ പ്രമുഖരാണ്.

## ഹിന്ദു – മുസ്‌ലിം ഐക്യം

ഹിന്ദു-മുസ്‌ലിം മൈത്രിയും ഒന്നാം സ്വാതന്ത്ര്യ പോരാട്ടത്തിന്റെ സവിശേഷതയാണ്. ഹിന്ദുക്കളും മുസ്‌ലിംകളുമായ നാട്ടുരാജാക്കന്മാരും ശിപായിമാരും കർഷകരും കരകൗശലത്തൊഴിലാളികളും കച്ചവടക്കാരുമെല്ലാം അധിനിവേശവിരുദ്ധ പോരാട്ടത്തിൽ അണിചേർന്നു. ഹിന്ദുക്കളും മുസ്‌ലിംകളും ഒറ്റക്കെട്ടായി അധിനിവേശ ഭരണത്തിനെതിരെ യുദ്ധത്തിനിറങ്ങണമെന്ന് നേതാക്കൾ ആഹ്വാനം ചെയ്തു. പോരാട്ടത്തെ മുസ്‌ലിംകൾ ജിഹാദായാണ് കണക്കാക്കിയിരുന്നതെങ്കിലും, ഒട്ടേറെ മുസ്‌ലിം പണ്ഡിതന്മാർ അതിന്റെ മുൻപന്തിയിലുണ്ടായിരുന്നുവെങ്കിലും അതിൽ പങ്കെടുക്കുന്നതിൽ മുസ്‌ലിംകളല്ലാത്തവർക്ക് വൈമനസ്യമുണ്ടായിരുന്നില്ല. മുഗൾ സുൽത്താനെ ഇന്ത്യയുടെ മുഴുവൻ സാമ്രാട്ടായി അംഗീകരിക്കാനും വിവിധ മതസ്ഥർക്ക് മടിയുണ്ടായില്ല. നേതാക്കളും അണികളുമടക്കം ഹിന്ദുക്കളും മുസ്‌ലിംകളും പരസ്പരം സഹകരിച്ചാണ് പോരാട്ടം നടത്തിയത്. നാനാ സാഹിബിന് അസീമുല്ലാ ഖാനും നവാബ് ബഹാദൂർ ഖാന് സോദറാമും പോരാട്ടത്തിൽ മുഖ്യ അവലംബമായിരുന്നു. ഝാൻസി റാണിയെ അഫ്ഗാൻ വംശജരായ മുസ്‌ലിം ഭടന്മാരും സഹായിക്കുകയുണ്ടായി. ഹിന്ദുക്കളും മുസ്‌ലിംകളുമടങ്ങിയ പോരാളികൾക്കാണ് മൗലവി അഹ്മദുല്ലാ ശാ നേതൃത്വം നൽകിയത്. നാനാ സാഹിബിന്റെ സഹായത്തോടെയാണ് മൗലവി ഷാജഹാൻപൂരിൽ സൈന്യത്തെ സജ്ജീകരിച്ചത്. റാണി ലക്ഷ്മി ബായി, താന്തിയാ തോപി എന്നിവരുടെ സഹായത്തോടെയാണ് ഫാസിൽ മുഹമ്മദ് ഖാനും ആദിൽ ഖാനും ഭോപാലിൽ പോരാടിയത്. ശിപായിമാരും മതഭേദമന്യേ ഒറ്റക്കെട്ടായാണ് യുദ്ധം ചെയ്തത്.

## സ്ത്രീസാന്നിധ്യം

1857-ലെ അധിനിവേശവിരുദ്ധ പോരാട്ടത്തിൽ സ്ത്രീകളും സജീവമായി പങ്കെടുത്തു. നാട്ടുരാജ്യങ്ങൾ ഭരിച്ചിരുന്ന ചില വനിതാ ഭരണാധികാരികൾക്ക് പുറമെ സാധാരണക്കാരായ സ്ത്രീകളും പോരാട്ടത്തിൽ തങ്ങളുടേതായ പങ്കുവഹിക്കുകയുണ്ടായി. വനിതകൾക്ക് പ്രത്യേക സൈനിക വിഭാഗം പോലുമുണ്ടായിരുന്നു. തങ്ങളുടെ ഉറ്റവരെയും ബന്ധുക്കളെയും അവർ പോരാട്ടത്തിന് പ്രേരിപ്പിക്കുകയും പോരാളികൾക്ക് സഹായങ്ങൾ നൽകുകയും ചെയ്തു. അധിനിവേശ സേനക്കെതിരെ പുരുഷവേഷമണിഞ്ഞ് പോരാടി പടക്കളത്തിൽ വീണു മരിച്ച ഝാൻസിയിലെ റാണി ലക്ഷ്മി ബായിയുടെ ചരിത്രം പ്രസിദ്ധമാണ്. അവരുടെ ഭർത്താവിന്റെ മരണശേഷം ദത്തവകാശ നിരോധ നിയമം അടിച്ചേൽപിച്ച് ഝാൻസിയെ ബ്രിട്ടീഷിന്ത്യയോട് കൂട്ടിച്ചേർക്കാനാണ് ഇംഗ്ലീഷുകാർ ശ്രമിച്ചത്. അവർ റാണിയുടെ ദത്തുപുത്രനെ രാജാവായി അംഗീകരിച്ചില്ല. ഭർത്താവിനു നൽകിയ കടം തിരിച്ചടക്കാനും ബ്രിട്ടീഷുകാർ റാണിയെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു.

ജൂൺ 8-ന് ഝാൻസിയിലെ ശിപായിമാർ ബ്രിട്ടീഷുകാർക്കെതിരെ പോരാട്ടം ആരംഭിച്ചു. തുടക്കത്തിൽ റാണി അവരെ പിന്തുണച്ചില്ല. ഭടന്മാർ ബ്രിട്ടീഷ് സൈനിക ഉദ്യോഗസ്ഥരെ കൊന്നതിനെ അപലപിച്ച് അവർ ബ്രിട്ടീഷുകാർക്ക് സന്ദേശമയക്കുക പോലും ചെയ്തു. ഇതിനിടെ രണ്ട് അയൽരാജ്യങ്ങൾ ഝാൻസിയെ ആക്രമിച്ചു. റാണി ബ്രിട്ടീഷുകാരുടെ സഹായം തേടിയെങ്കിലും പാളയത്തിലെ പട കാരണം സഹായം നൽകാൻ പറ്റിയ അവസ്ഥയിലായിരുന്നില്ല അവർ. തുടർന്ന് റാണി ശിപായി ഭടന്മാരുടെ സഹായം തേടുകയും അയൽനാട്ടുരാജ്യങ്ങളുടെ ആക്രമണഭീഷണി ഇല്ലാതാക്കിയ ശേഷം ബ്രിട്ടീഷുകാർക്കെതിരെ പോരാട്ടം ആരംഭിക്കുകയും ചെയ്തു. താന്തിയാ തോപി ഇരുപതിനായിരം ഭടന്മാരുമായി വന്ന് റാണിയെ സഹായിച്ചു. ഇരുവരും കനത്ത പോരാട്ടം നടത്തിയെങ്കിലും ബ്രിട്ടീഷ് സൈനികശക്തിക്കു മുമ്പിൽ പിടിച്ചുനിൽക്കാനായില്ല. ഝാൻസിയിൽ തോറ്റപ്പോൾ ബ്രിട്ടീഷുകാരുമായി സഖ്യത്തിലായിരുന്ന ഗ്വാളിയോർ പിടിച്ചടക്കാനും അവർ ശ്രമിച്ചു. ഈ യുദ്ധത്തിൽ റാണി ലക്ഷ്മി ബായി പോരാടി മരിച്ചു. താന്തിയാ തോപി രക്ഷപ്പെട്ടെങ്കിലും 1859 -ൽ ബ്രിട്ടീഷുകാർ അദ്ദേഹത്തെയും വധിച്ചു.

അവധിലെ ബീഗം ഹസ്രത്ത് മഹലും പോരാട്ടത്തിന് നേതൃത്വം നൽകിയ വനിതാ ഭരണാധികാരിയാണ്. അവരുടെ ഭർത്താവ് നവാബ് മാജിദ് അലി ശായെ ബ്രിട്ടീഷുകാർ കൽക്കത്തയിലേക്ക് നാടുകടത്തുകയായിരുന്നു. 1857 -ൽ അവർ മറ്റുള്ളവരോടൊപ്പം ബ്രിട്ടീഷു

കാർക്കെതിരെ യുദ്ധത്തിനിറങ്ങി. വീറുറ്റ പോരാട്ടം അവർ കാഴ്ചവെക്കുകയുണ്ടായി. ബ്രിട്ടീഷ് സൈന്യത്തെ നയിച്ചിരുന്ന ഹെൻറി ലോറൻസിനെ അവർ വളഞ്ഞു പിടിച്ച് വെടിവെച്ചുകൊന്നു. ബ്രിട്ടീഷുകാർ ജനറൽ ഹാവ്ലോക്കിന്റെ നേതൃത്വത്തിൽ പുതിയ സൈന്യത്തെ അയച്ചെങ്കിലും ബീഗത്തെ പരാജയപ്പെടുത്താൻ കഴിഞ്ഞില്ല. പിന്നീട് ജനറൽ കാംപ്ബെലിന്റെ നേതൃത്വത്തിലുള്ള ഇംഗ്ലീഷ് പടയാണ് അവരെ പരാജയപ്പെടുത്തിയത്. പരാജയശേഷം, കീഴടങ്ങിയാൽ മാപ്പു നൽകാമെന്ന് ബ്രിട്ടീഷുകാർ വാഗ്ദാനം ചെയ്തെങ്കിലും അവർ പിടികൊടുക്കാതെ രക്ഷപ്പെടുകയായിരുന്നു.

### തമസ്കരിക്കപ്പെട്ട ചരിത്രം

1857-ൽ ധീരോദാത്തമായ പോരാട്ടം കാഴ്ചവെച്ച ധാരാളം സ്വാതന്ത്ര്യ സമര സേനാനികളുണ്ട്. പക്ഷേ, ചരിത്രകാരന്മാരിൽ പലരും അവരോടെല്ലാവരോടും നീതി കാണിച്ചില്ല. ചിലരെ മാത്രം പൊലിപ്പിച്ചു കാണിക്കുകയും മറ്റു ചിലരെ തമസ്കരിക്കുകയും ചെയ്യുന്ന പ്രവണതയുണ്ട്. വിദ്യാർഥികൾ പഠിക്കുന്ന ചരിത്ര പാഠപുസ്തകങ്ങളും ഈ 'അസുഖ'ത്തിൽനിന്ന് മുക്തമല്ല. ഝാൻസി റാണിയെയും നാനാ സാഹിബിനെയും താന്തിയാ തോപിയെയും കുറിച്ചറിയാത്ത സ്കൂൾ വിദ്യാർഥികൾ പോലും കുറവായിരിക്കും. പക്ഷേ, മൗലവി അഹ്മദുല്ലാ ശായുടെയും അസീസാൻ ബീഗത്തിന്റെയും ചരിത്രം എത്ര വിദ്യാർഥികൾക്കറിയും?

ശിപായിമാർ പോരാട്ടമാരംഭിക്കുന്നതിന് മുമ്പുതന്നെ രംഗത്തിറങ്ങിയ പോരാളിയാണ് ഫൈസാബാദിലെ മൗലവി അഹ്മദുല്ലാ ശാ. മതപഠനത്തിനു ശേഷം ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ മൗലവി ഈസ്റ്റിന്ത്യാ കമ്പനിയെ എങ്ങനെ പരാജയപ്പെടുത്താമെന്ന് പഠിക്കാൻ അക്കാലത്ത് ലണ്ടൻ സന്ദർശിക്കുക പോലും ചെയ്തിരുന്നു. ആഗ്ര, ദൽഹി, മീറത്ത്, പട്ന, കൽക്കത്ത തുടങ്ങിയവ സന്ദർശിച്ച് അദ്ദേഹം ജനങ്ങളെ ബ്രിട്ടീഷുകാർക്കെതിരെ യുദ്ധത്തിനിറങ്ങാൻ പ്രേരിപ്പിച്ചു. ഗ്രാമീണർക്കിടയിൽ അധിനിവേശത്തിനെതിരെ യുദ്ധത്തിനൊരുങ്ങാനുള്ള സന്ദേശം പ്രചരിപ്പിക്കാൻ അദ്ദേഹം ചപ്പാത്തി കൈമാറ്റ പദ്ധതി നടപ്പിലാക്കി. വിവിധ കൈകളിലൂടെ മാറിമറിഞ്ഞ ആ ചപ്പാത്തികൾ ഗ്രാമങ്ങളിലുടനീളം നിശ്ശബ്ദമായി പോരാട്ട സന്ദേശമെത്തിച്ചു. ഇതിനു പുറമെ മൗലവി ബ്രിട്ടീഷുകാർക്കെതിരെ ജിഹാദിനിറങ്ങാൻ പ്രേരിപ്പിക്കുന്ന ലഘുലേഖകൾ എഴുതി പ്രചരിപ്പിക്കുകയും ചെയ്തു. അപകടം മനസ്സിലാക്കിയ ബ്രിട്ടീഷുകാർ അദ്ദേഹത്തെ പിടികൂടി തടവിലിട്ട് തൂക്കിക്കൊല്ലാൻ വിധിച്ചു. അതിനിടയിൽ ശിപായിമാരുടെ പ്രക്ഷോഭം ആരംഭിച്ചപ്പോൾ മൗലവി തടവിൽനിന്ന് രക്ഷപ്പെട്ട് ബീഗം ഹസ്രത്ത് മഹലിനോടൊപ്പം ചേർന്ന് ബ്രിട്ടീഷുകാർക്കെതിരെ യുദ്ധം ആരംഭിച്ചു. അദ്ദേഹത്തോടൊപ്പമുള്ള സൈന്യത്തിൽ ഹിന്ദുക്കളുമുണ്ടായിരുന്നു. ഫൈസാബാദ്, ലഖ്നൗ, ആലം ബാദ്, കൈസർ ബാഗ്, ബറീ, റോഹിൽഖണ്ഡ്, ശാജഹാൻപൂർ എന്നിവിടങ്ങളിൽ മൗലവിയും സൈന്യവും ബ്രിട്ടീഷ് സേനയുമായി കനത്ത പോരാട്ടം നടത്തി. ലഖ്നൗവിൽ ജെയിംസ് ഓട്ട്റാമിന്റെ സൈന്യത്തെ അദ്ദേഹം പരാജയപ്പെടുത്തി. തുടർന്ന് കോളിൻ കാംപ്ബെൽ സൈന്യവുമായി വന്ന് മൗലവിയെ പരാജയപ്പെടുത്തി. ഉടൻ അദ്ദേഹം റോഹിൽഖണ്ഡ് പിടിച്ചു. അവിടെയും പരാജയപ്പെട്ടെങ്കിലും തുടർന്ന് ശാജഹാൻപൂർ പിടിച്ചു. ഒരിടത്ത് പരാജയപ്പെടുമ്പോൾ മറ്റൊന്ന് പിടിച്ചുകൊണ്ട് അധിനിവേശസേനയെഅദ്ദേഹം വെള്ളം കുടിപ്പിച്ചു. ഗത്യന്തരമില്ലാതെ ബ്രിട്ടീഷുകാർ മൗലവി അഹ്മദുല്ലായുടെ തലക്ക് അമ്പതിനായിരം രൂപ പ്രതിഫലം പ്രഖ്യാപിച്ചു. ഏതെങ്കിലും ഒരു നാട്ടുരാജ്യത്തിന്റെ സഹായം ലഭിക്കുകയാണെങ്കിൽ ബ്രിട്ടീഷുകാരെ പരാജയപ്പെടുത്താമെന്ന് മനസ്സിലാക്കിയ മൗലവി പവ്വാൻ എന്ന നാട്ടിലെ രാജാവായ ജഗന്നാഥ സിംഗിന് സഹായമഭ്യർഥിച്ച് കത്തെഴുതി. സഹായം നൽകാമെന്നും നേരിൽ കണ്ട് സംസാരിക്കാൻ വരണമെന്നുമായിരുന്നു മറുപടി. അതനുസരിച്ച് ചെന്ന മൗലവിയെ അമ്പതിനായിരം രൂപക്കുവേണ്ടി ആ രാജ്യദ്രോഹി ചതിച്ചു കൊല്ലുകയായിരുന്നു.

'1857-ലെ ഇന്ത്യൻ സ്വാതന്ത്ര്യസമരം'എന്ന കൃതിയിൽ ആദ്യകാല ഹിന്ദുത്വ നേതാക്കളിലൊരാളായ വിനായക് ദാമോദർ സവർക്കർ പോലും ജഗന്നാഥ സിംഗിന്റെ രാജ്യദ്രോഹത്തെ രൂക്ഷമായി വിമർശിക്കുകയും മൗലവിയുടെ ദേശസ്നേഹത്തെ പ്രകീർത്തിക്കുകയും ചെയ്യുന്നുണ്ട്. സവർക്കർ എഴുതുന്നു: "മൗലവി രാജാവിനെ കാണാൻ പുറപ്പെട്ടു. അദ്ദേഹമവിടെയെത്തിയപ്പോൾ, അത്യത്ഭുതമെന്നു പറയട്ടെ, നഗരകവാടങ്ങളടക്കപ്പെട്ടിരിക്കുന്നു. സാലങ്ങളിൽ സായുധരായ ആൾക്കാർ കാവൽ നിൽക്കുന്നു. ഭ്രാതൃസമേതനായി രാജാ ജഗന്നാഥസിംഹൻതന്നെ അവരുടെയിടയിൽ നിൽക്കുന്നതദ്ദേഹം കണ്ടു. മൗലവിക്കതിന്റെയർഥം മനസ്സിലായെങ്കിലും അദ്ദേഹം കൂസലെന്യേ രാജാവുമായി സംഭാഷണത്തിലേർപ്പെട്ടു. എന്നാൽ ആ നികൃഷ്ടനുണ്ടോ മൗലവിയുടെ വാഗ്ഗിലാസമാസ്വദിക്കാൻ പോകുന്നു! അവിടെക്കൂടിയിരുന്ന ആൾക്കാർ സ്വേഛയാ നഗരകവാടം തുറക്കുകയില്ലെന്നു കണ്ടപ്പോൾ, താൻ കയറിയിരുന്ന ആനയെക്കൊണ്ട് കോട്ടവാതിൽ തള്ളിത്തുറപ്പിക്കുവാനദ്ദേഹം ആനക്കാരനോടു പറഞ്ഞു. ആനയുടെ ഒരു ചവിട്ടും കൂടി മതിയായിരുന്നു വാതിൽ പൊളിഞ്ഞുവീഴാൻ. എന്നാൽ, രാജസഹോദരനുണ്ടല്ലോ, അയാൾ- ആ നികൃഷ്ടനായ ഭീരു-അഹമ്മദുഷാ മൗലവിയെ ഉന്നം തെറ്റാതെ വെടിവെച്ചു വീഴ്ത്തി. തടിമാടനായ രാജാവും അയാളുടെ അനിയനും ഉടനെ കോട്ടവാതിൽ തുറന്നു പുറത്തുവന്നു. അവർ മൗലവിയുടെ തലയറുത്ത് തുണിയിൽ പൊതിഞ്ഞ് അതുമെടുത്തുകൊണ്ട് പതിമൂന്ന് നാഴിക ദൂരത്തുള്ള ഏറ്റവുമടുത്ത ബ്രിട്ടീഷ് ഠാണാവിലേക്കു-ഷാജഹാൻപൂരിലേക്ക്- ഓടി. അവിടെ ബ്രിട്ടീഷുദ്യോഗസ്ഥന്മാർ തീറ്റക്കിരിക്കുകയായിരുന്നു. രാജാവകത്തുകടന്നുചെന്ന് പതുക്കെ പൊതിയഴിച്ചു. അയാൾ ചോര വാർന്നുകൊണ്ടേയിരിക്കുന്ന ആ ജിതദ്രവ്യമെടുത്ത് ഉദ്യോഗസ്ഥന്മാരുടെ കാൽക്കീഴിലുരുട്ടി. പിറ്റേന്ന് സംസ്കാരസമ്പന്നരായ ബ്രിട്ടീഷുകാർ, അവരോട് അത്ര വീറോടും മാനത്തോടും കൂടി പടവെട്ടിയ ശത്രുവിന്റെ തല കൊത്ത്വാളിയിൽ കെട്ടിത്തൂക്കി. പവ്വനിലെ ആ തടിയൻ പോർക്കിന്ന്, അവന്റെ അധർമവൃത്തിക്ക് അമ്പതിനായിരമുറുപ്പിക പ്രതിഫലം കിട്ടി" (മലയാള പരിഭാഷ പേജ് 412, കിശോർ പബ്ലിക്കേഷൻസ് കോഴിക്കോട്, 1967).

സാമ്രാജ്യത്വ ചരിത്രകാരന്മാർ പോലും മൗലവി അഹ്മദുല്ലാ ശായുടെ ധീരതയെയും ദേശാഭിമാനത്തെയും പോരാട്ട പാടവത്തെയും കുറിച്ച് എഴുതിയിട്ടുണ്ട്. ഇംഗ്ലീഷ് ചരിത്രകാരൻ മാലിസന്നെ സവർക്കർ ഉദ്ധരിക്കുന്നു: "തെറ്റായി നശിപ്പിക്കപ്പെട്ട തന്റെ നാടിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി ഗൂഢാലോചനയിലേർപ്പെടുകയും അങ്കംവെട്ടുകയും ചെയ്യുന്നവനെയാണ് ദേശാഭിമാനിയെന്നു പറയേണ്ടതെങ്കിൽ, തീർച്ചയായും മൗലവി ഒരു യഥാർഥ ദേശാഭിമാനിയത്രെ....... അദ്ദേഹം തന്റെ രാജ്യമപഹരിച്ച വിദേശീയരോടെരാടി. സർവരാഷ്ട്രങ്ങളിലെയും ധീരരും ഹൃദയസമ്പന്നരുമായ ജനങ്ങളുടെ ബഹുമാനമർഹിക്കുന്നതത്രെ അദ്ദേഹത്തിന്റെ സ്മരണ" (അതേ പുസ്തകം പേജ് 413).

സവർക്കർ ഇത്രകൂടി പറയുന്നുവെന്നത് കൗതുകകരമാണ്: "ഇന്ത്യയോടുള്ള അഗാധവും സർവതോഭദ്രവുമായ സ്നേഹത്തിന്നനുയോജ്യമല്ലാത്തതോ അതിനോട് ശത്രുത്വം വെച്ചുപുലർത്തുന്നതോ അല്ല ഇസ്ലാംധർമത്തിലുള്ള സയുക്തികമായ വിശ്വാസമെന്നുള്ളതിന് ധീരനായ ഈ മുഹമ്മദീയന്റെ ജീവിത

മുത്തമനിദർശനമത്രെ. മാത്രമല്ല, ആ മതത്തിൽ യഥാർഥമായ വിശ്വാസമുള്ള ഒരാൾക്ക് മാതൃഭൂമിക്ക് വേണ്ടി ജീവത്യാഗം അനുഷ്ഠിക്കുന്നത് അഭിമാനകരവും ഗുണകരവുമായി തോന്നുന്നതാണ്"(അതേ പുസ്തകം പേജ് 413).

തമസ്കരിക്കപ്പെട്ട ചരിത്രമാണ് 1857 -ലെ അധിനിവേശവിരുദ്ധയുദ്ധത്തിൽ ശ്രദ്ധേയമായ പങ്കുവഹിച്ച അസീസാൻ ബീഗം എന്ന ധീരയായ മുസ്‌ലിംവനിതയുടേതും. 1857 ജൂൺ 4-ന് നാനാ സാഹിബ് പേഷ കാൻപൂരിൽ ഹിന്ദുക്കളോടും മുസ്‌ലിംകളോടും ബ്രിട്ടീഷുകാർക്കെതിരെ യുദ്ധത്തിനിറങ്ങാൻ ആഹ്വാനം ചെയ്തപ്പോൾ അസീസാൻ സന്ദർഭത്തിനൊത്തുയർന്നു. ആയുധപരിശീലനം നേടിയിരുന്ന ഇവർ സ്ത്രീകൾക്ക് സായുധ പരിശീലനം നൽകുകയും കുതിരസവാരി പഠിപ്പിക്കുകയും ചെയ്തു. പിന്നീട് സ്ത്രീകളുടെ ഒരു ബറ്റാലിയൻ തന്നെ രൂപീകരിച്ചു. അധിനിവേശ സേനക്കെതിരായ പോരാട്ടത്തിൽ ഈ വനിതകളും പങ്കുവഹിച്ചു. പോരാളികൾക്ക് ഭക്ഷണവും ആയുധവും എത്തിച്ചും പരിക്കേറ്റവരെ ശുശ്രൂഷിച്ചും ശത്രുസൈന്യത്തിന്റെ നീക്കങ്ങൾ പോരാളികൾക്ക് ചോർത്തിക്കൊടുത്തും ഈ വനിതാ സേന സേവനമർപ്പിച്ചു. ഒടുവിൽ അധിനിവേശ സേന അസീസാനെ പിടികൂടി. ജനറൽ ഹാവ്‌ലോക്കിന്റെ മുമ്പിൽ അവരെ ഹാജരാക്കി. 'കുറ്റം' ആവർത്തിക്കില്ലെന്ന് ഉറപ്പുനൽകി മാപ്പു പറയുകയാണെങ്കിൽ വെറുതെ വിടാം എന്നായിരുന്നു ഹാവ്‌ലോക്കിന്റെ നിലപാട്. പക്ഷേ, ആ ധീരവനിത അതിനു തയാറാകാതെ മരണം ഏറ്റുവാങ്ങുകയായിരുന്നു.

അറിഞ്ഞോ അറിയാതെയോ തമസ്കരിക്കപ്പെട്ട വേറെയും ധാരാളം പോരാളികളുണ്ട്. ഇതുപോലുള്ള പതിനായിരക്കണക്കിന് പോരാളികൾ സമർപ്പിച്ച ജീവരക്തത്തിന്റെ വില കൂടിയാണ് നാം ഇന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യം. പുതിയ കാലത്ത് സാമ്രാജ്യത്വം പ്രച്ഛന്നവേഷത്തിലെത്തുമ്പോൾ അതിനെതിരായ ഐക്യസമരത്തിനുള്ള പ്രചോദനം നമുക്ക് 1857 -ൽനിന്ന് ലഭിക്കേണ്ടതുണ്ട്. കാർഷികമേഖലയെയും പാരമ്പര്യ വ്യവസായങ്ങളെയും തകർത്ത് ഇന്ത്യയെ ബ്രിട്ടീഷ് ഉൽപന്നങ്ങളുടെ വെറുമൊരു കമ്പോളമാക്കി മാറ്റാൻ ശ്രമിച്ചപ്പോഴായിരുന്നു 1857 -ൽ ഇന്ത്യൻ ജനത പോരാട്ട ഭൂമിയിലേക്കിറങ്ങിയത്. അതിനു സമാനമായ സാഹചര്യമാണ് നാം ഇന്ന് അനുഭവിക്കുന്നത്. സാമ്രാജ്യത്വത്തിന്റെ സ്ഥാനത്ത് ഇന്ന് ബ്രിട്ടൻ മാത്രമല്ലെന്നും സാമ്രാജ്യത്വചേരി കൂടുതൽ ശക്തമാണെന്നുമുള്ള തിരിച്ചറിവും നമുക്കാവശ്യമാണ്. ജാതി-മത ഭേദമന്യേയുള്ള ഒറ്റക്കെട്ടായ പോരാട്ടത്തിലൂടെ മാത്രമേ സാമ്രാജ്യത്വത്തെ ചെറുക്കാൻ കഴിയൂ. വിവിധ വിശ്വാസ, ആദർശ ധാരകൾ പങ്കുവഹിച്ച സാമ്രാജ്യത്വവിരുദ്ധ പോരാട്ടമായിരുന്നു 1857-ലേത്. ആ ഐക്യം തന്നെയായിരുന്നു അതിന്റെ കരുത്തും. വർഗീയതയും അനൈക്യവുമാണ് നമ്മെ ദുർബലപ്പെടുത്താനുള്ള ഏറ്റവും മികച്ച ആയുധമെന്ന് ശത്രുക്കൾക്ക് അറിയാം. 1857-നു ശേഷം അവർ അത് സമർഥമായി ഉപയോഗിച്ചതുപോലെ ഇനിയും ഉപയോഗിക്കും. അതിനെ ചെറുത്തുതോൽപിക്കാനുള്ള തിരിച്ചറിവ് നമുക്കുണ്ടാവേണ്ടതുണ്ട്. അപ്പോഴേ ചരിത്രം പാഠവും സന്ദേശവുമാകൂ. ■